## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 18/08/2017, 10/11/2017 തീയതികളിലെ ഇതേ നമ്പർ പരിപത്രം.

**ഉത്തരവ് നമ്പർ ഇ.ഡി.4-61900/2015/ആ.വ.ഡ.,തീയതി: 15/01/2018.**

ആരോഗ്യവകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി 18/08/2017 ലെ പരിപത്രപ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകൾ സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് പരാമർശത്തിലെ പരിപത്രം പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ടി ലിസ്റ്റ് സംബന്ധിച്ച് പരാതികളൊന്നും തന്നെ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിച്ചിട്ടില്ല. ആയതിനാൽ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1 ആയ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ടൈപ്പിസ്റ്റായി ജോലി നോക്കുന്ന ശ്രീമതി സൗമ്യ പി. പി. യെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ തസ്തികമാറ്റം വഴി 20,000-45,800 ശമ്പള സ്കെയിലിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. ഭാഗം 2 ചട്ടം 286 (ii) പ്രകാരം സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാൾ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം പുതിയ ശമ്പള സ്കെയിൽ ഓപ്ഷൻ നൽകേണ്ടതാണ്. ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ സേവനമാണ്.

ശ്രീമതി സൗമ്യ പി. പി., യു.ഡി. ടൈപ്പിസ്റ്റ് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേലധികാരി മുമ്പാകെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്

ശ്രീമതി സൗമ്യ പി. പി., യു.ഡി. ടൈപ്പിസ്റ്റ്, ജനറൽ ആശുപത്രി, കാസർഗോഡ്.

പകർപ്പ്:-

1. സൂപ്രണ്ട്, ജനറൽ ആശുപത്രി, കാസർഗോഡ്
2. സൂപ്രണ്ട്, ജനറൽ ആശുപത്രി, തൃശ്ശൂർ
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ/കാസർഗോഡ്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്